# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5158 | 06.02.2014-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ.യുടെ സഹകരണസംഘത്തിൽ നടന്ന ക്രമക്കേട്ടമായി ബന്ധപ്പെട്ട കേസന്വേഷണം

**ചോദ്യം**

ശ്രീ.സി. മമ്മൂട്ടി

(എ) കെ.എസ്.എഫ്.ഇ യുടെ സഹകരണസംഘത്തിൽ നിന്നും 21 കോടി രൂപയുടെ ക്രമക്കേട് നടത്തിയതു സംബന്ധിച്ച് ആഭ്യന്തര വകുപ്പിനു കീഴിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ലഭിച്ച പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം സിറ്റിയിൽ കെ.എസ്.എഫ്.ഇ.യുടെ സഹകരണ സംഘത്തിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം 617/13 u/s 468, 471,420,480,409 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന് കൈമാറുകയും, ആയത് ക്രൈം നമ്പർ 110/CR/EOW1/KLM/13 ആയി റീനമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി വിഷയം സംബന്ധിച്ച് വിവിധ പരാതികൾ സർക്കാരിലേയ്ക്ക് ലഭിക്കുകയും അവ അന്വേഷണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് / ക്രൈംബ്രാഞ്ച് മേധാവിക്ക് യഥാസമയങ്ങളിൽ നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ 12-09-2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങളിൽ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ടവയിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ക്രൈംബ്രാഞ്ച് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സർക്കാരിൽ ടി വിഷയത്തിന്മേൽ ലഭിച്ചിട്ടുള്ള പരാതികളുടെ പകർപ്പുകൾ ഇതോടൊപ്പം **അനുബന്ധമായി** ചേർത്തിരിക്കുന്നു.

| | |
|---|---|
| (ബി) ഇത് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും പണം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ;<br>(സി) സഹകരണ സംഘത്തിൽ നിന്നും പണം മോഷണം പോയതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പണത്തിന്റെ കസ്റ്റോഡിയന്മാർ, സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവരിൽ ആരെയൊക്കെ പ്രതികളാക്കിയിട്ടുണ്ടെന്നും പ്രതികളുടെ പേരിൽ ഇതേവരെ എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (ബി) & (സി) ഇത് സംബന്ധിച്ച അന്വേഷണം അവസാന ഘട്ടത്തിലാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ 16 കോടിയോളം രൂപയുടെ തിരിമറി നടന്നിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. സംഘത്തിന്റെ സെക്രട്ടറിയെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തു. സംഘത്തിന്റെയും, കെ.എസ്.എഫ്.ഇ.യുടെയും ജീവനക്കാരായ 7 പേരെ ഈ കേസിൽ അറസ്റ്റ് ചെയ്തു. ടിയാളുകൾ ഇപ്പോൾ കോടതി ജാമ്യത്തിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്